DWCD/462/2022-ICDSB6

വനിതശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര , തിരുവനന്തപുരം
തീയതി :18/03/2022
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

# <u>പരിപത്രം</u>

വിഷയം: വനിത ശിശു വികസന വകുപ്പ് - ഐസിഡിഎസ്-**അങ്കണവാടി ഹെല്പർമാർക്ക് Performance Linked Incentive** അനുവദിക്കുന്നത് സ്പഷ്ടീകരണം- സംബന്ധിച്ച്:-

സൂചന: 1) സ.ഉ (സാധാ) നം. 81/2019/സാനീവ തീയതി 11-02-19.
2) ഈ കാര്യാലയത്തിലെ 16-08-2021 ലെ ICDS/B6-7777/21 നമ്പർ ഉത്തരവ്.
3) ഈ കാര്യാലയത്തിലെ 05-10-2021 ലെ ICDS/B6-7777/21 നമ്പർ ഉത്തരവ്.
4) വിവിധ ICDS കളിൽ നിന്നും ഉന്നയിച്ച സംശയങ്ങൾ

അങ്കണവാടി ഹെൽപ്പർമാർക്ക് പ്രതിമാസ ഓണറേറിയത്തിന് പുറമേ സെന്ററുകളുടെ ശരിയായ നടത്തിപ്പിന്, അവരുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 250/-രൂപ Performance Linked Incentive (PLI) നല്കുവാൻ സൂചന (1) പ്രകാരം സർക്കാർ ഉത്തരവാകുകയും സൂചന (3) പ്രകാരം പ്രസ്തുത ഇൻസെന്റീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. തുടർന്ന് താൽക്കാലിക ഹെൽപ്പർമാർ ഉൾപ്പെടെയുള്ളവർക്ക് ഇൻസെന്റീവിന് **01-10-2018** മുതൽ പ്രാബല്യം നൽകി സൂചന (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ അങ്കണവാടികൾ അടഞ്ഞുകിടന്നതിനാൽ,അങ്കണവാടി ഹെൽപ്പമാരുടെ താത്ക്കാലിക നിയമനം നിർത്തിവച്ചിരുന്നത്,പുനഃസ്ഥാപിച്ച സാഹചര്യത്തിൽ ,PLI അനുവദിക്കുന്നതിന് ചുവടെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. PLI അനുവദിക്കുന്നതിന് പുറപ്പെടുവിച്ച സൂചന (2) ഉത്തരവിൽ “അങ്കണവാടി ഹെൽപ്പർമാർ” എന്നുള്ള പരാമർശം സ്ഥിരവും താത്ക്കാലികവുമായ എല്ലാ ഹെൽപ്പർമാർക്കും ബാധകമായിട്ടുള്ളതാണ്.
2. ഒരേ മാസം ഒന്നിലധികം സ്ഥിര/താത്ക്കാലിക ഹെൽപ്പർമാർ സേവനത്തിൽ തുടരുന്ന സാഹചര്യങ്ങളിൽ 20 ദിവസത്തിൽ കൂടുതൽ ജോലി ചെയ്ത ആൾക്ക് PLI അനുവദിക്കേണ്ടതാണ്.
3. കാഷ്വൽ ലീവ് ഒഴികെയുള്ള മറ്റ് അവധികൾക്ക് PLI അനുവദിക്കേണ്ടതില്ല.
4. സസ്പെൻഷൻ കാലയളവിൽ PLI യ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.
5. 01.10.2018 മുതലുള്ള PLI കുടിശ്ശിക അനുവദിക്കുന്നതിന് ഹെൽപ്പർമാരുടെ മുൻകാല ഹാജർ റിപ്പോർട്ട് അടിസ്ഥാനമാക്കി <u>നിലവിലെ ബന്ധപ്പെട്ട സൂപ്പർവൈസർ</u> PLI കുടിശ്ശികയുള്ള ഹെൽപ്പർമാരുടെ സ്റ്റേറ്റ്മെന്റ് CDPO യ്ക്ക് സമർപ്പിക്കേണ്ടതും, പ്രസ്തുത സ്റ്റേറ്റ്മെന്റ് പ്രകാരം CDPO PLI കുടിശ്ശിക അനുവദിക്കേണ്ടതുമാണ്. (*ഇത് 01/10/2018 മുതലുള്ള PLI കുടിശ്ശിക മാറി നൽകുന്നതിന് വേണ്ടി മാത്രമുള്ളതാണ്. നിലവിൽ PLI അനുവദിക്കുന്നതിന് സൂചന 2 ലെ നിർദ്ദേശങ്ങൾ*

*പാലിക്കേണ്ടതാണ്)*

6. കോവിഡ് സാഹചര്യത്തിൽ അങ്കണവാടികൾ അടഞ്ഞു കിടന്ന കാലയളവിൽ PLI അനുവദിക്കേണ്ടതില്ല.
7. PLI കുടിശ്ശികയ്ക്ക് അർഹതയുള്ള നിലവിൽ സ്പാർക്കിൽ ഇല്ലാത്ത സ്ഥിര /താത്കാലിക ഹെൽപ്പർമാരെ സ്പാർക്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി (send for Finance approval through spark) CDPO തലത്തിൽ സ്വീകരിക്കേണ്ടതും **അടുത്ത മാസത്തെ** ഹോണറേറിയത്തോടൊപ്പം 01/10/2018 മുതലുള്ള PLI കുടിശ്ശിക കൂടി ചേർത്ത് ഓഫീസ് നടപടിക്രമത്തിൽ കുടിശ്ശികയുടെ വിവരങ്ങൾ പ്രത്യേകമായി പരാമർശിച്ച് , അരിയർ സ്റ്റേറ്റ്മെന്റ് സഹിതം PLI കുടിശ്ശിക മാറി നൽകേണ്ടതുമാണ്.
8. PLI കുടിശ്ശിക നാളിതുവരെ മാറി നൽകിയിട്ടില്ലാത്ത CDPO മാർ ആയത് അടിയന്തിരമായി മാറി നൽകേണ്ടതാണ്. എല്ലാ CDPO മാരും സ്ഥിര /താത്കാലിക ഹെൽപർമാർക്ക് 01/10/2018 മുതലുള്ള PLI കുടിശ്ശിക മാറി നൽകിയിട്ടുണ്ട് എന്ന് ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതും ജില്ലാതലത്തിൽ ക്രോഡീകരിച്ച റിപ്പോർട്ട് അടിയന്തിരമായി വനിത ശിശു വികസന ഡയക്ടർക്ക് ഇമെയിൽ മുഖാന്തിരം (icdsbsection@gmail.com) സമർപ്പിക്കേണ്ടതുമാണ്.

**വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി**

പകർപ്പ്:

1. എല്ലാ ജില്ലാ വനിതശിശു വികസന ഓഫീസർമാർക്കും.
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
3. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
4. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
5. സ്റ്റോക്ക് ഫയൽ / സ്പെയർ